LIBRARY ARCHIVES Kerala Legislative Assembly

ജല അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണമേന്മ

62 [1858] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ഉപയോഗയോഗ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) പമ്പ് ഹൗസുകളിൽ ആലവും ബ്ലീച്ചിംഗ് പൗഡറും ശരിയായ രീതിയിലും അളവിലും ചേർക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഉപയോഗയോഗ്യമല്ലാത്ത ജലം വിതരണം ചെയ്തതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് ചുരുക്കം ചില സന്ദർഭങ്ങളിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ അടിയന്തിര പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ശുദ്ധീകരണശാലകളിൽ യഥാസമയം ജല സാമ്പിളുകൾ ശേഖരിച്ച് നിർദ്ദിഷ്ട പരിശോധനകൾ നടത്തി ആവശ്യമുള്ള ആലം, കുമ്മായം, ബ്ലീച്ചിംഗ് പൗഡർ എന്നിവയുടെ അളവുകൾ തിട്ടപ്പെടുത്തുന്നു. ഇതിലേക്കായി Jar Test (ജാർ ടെസ്റ്റ്), PH Test, Residual Chlorine Test (അവശേഷിത ക്ലോറിൻ) എന്നീ പരിശോധനകളാണ് പ്രധാനമായും നടത്തിവരുന്നത്. ഇതിന് പുറമേ ട്രീറ്റ്മെന്റ് പ്ലാന്റുകളിലെയും വിതരണ ശൃംഖലയിലെയും ജലസാമ്പിളുകൾ കേരള ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിൽ പരിശോധനകൾ നടത്തി ആലത്തിന്റെയും കുമ്മായത്തിന്റെയും അളവുകൾ തിട്ടപ്പെടുത്തി ബന്ധപ്പെട്ട ആഫീസുകളിലേയ്ക്ക് അറിയിക്കുന്നു.

(സി) ഉപയോഗയോഗ്യമല്ലാത്ത ജലം കേരള ജല അതോറിറ്റി വിതരണം ചെയ്തതായി ശ്രദ്ധയിൽ വന്നിട്ടില്ല.

കേരള വാട്ടർ അതോറിറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികൾ

63 [1861] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികളുടെ ആവർത്തന ചെലവ് ആരാണ് വഹിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;